ഭരണഭാഷ-മാതൃഭാഷ


ഹരിപ്പാട് മുനിസിപ്പാലിറ്റി
പിൻ കോഡ്- 690514
GSTIN:32AAALH0878D1ZH ഫോൺ നമ്പർ : 0479-2412766
https://haripadmunicipality.lsgkerala.gov.in, secretaryharipad@gmail.com


നമ്പർ: 1638936-2024 തീയതി : 03-03-2026

## 2026-27 സാമ്പത്തിക വർഷത്തെ ലേല / ക്വട്ടേഷൻ നോട്ടീസ്

01/04/2026 മുതൽ 31/03/2027 വരെയുള്ള 2026-27 സാമ്പത്തിക വർഷത്തിലേക്ക് താഴെ പറയുന്ന ഇനങ്ങൾക്ക് 11/03/2026 ബുധനാഴ്ച പകൽ 11.00 മണിക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭ ഓഫീസിൽ വെച്ച് പരസ്യമായി ലേലം/ ക്വട്ടേഷൻ ചെയ്ത് നൽകുന്നതാണ്.

## ലേല / ക്വട്ടേഷൻ വ്യവസ്ഥകൾ

1. 2026-27 സാമ്പത്തിക വർഷത്തിലേക്ക് താഴെ പറയുന്ന ഇനങ്ങൾക്ക് നിശ്ചയിട്ടുള്ള അടിസ്ഥാനനിരക്കിൽ ലേലം ആരംഭിക്കുന്നതും , അടിസ്ഥാനനിരക്കിൽ 1000/-രൂപ വീതം വർദ്ധനവിൽ (ക്രമനമ്പർ 4 ഒഴികെ ഉള്ള ഇനങ്ങൾക്ക് മാത്രം, ക്രമനമ്പർ 4 നു 100/-രൂപ വീതം വർദ്ധനവിൽ) ലേലം അരംഭിക്കുന്നതും, ഏറ്റവും കൂടുതൽ വരുന്ന തുകക്ക് ലേലം താൽകാലികമായി ഉയർന്ന ലേലതുകകയായി കണക്കാക്കി ലേലം നിർത്തുന്നതും, തുടർന്ന് നിശ്ചിത സമയ പരിധിക്കകം ലഭിച്ച ക്വൊട്ടേഷനുകൾ ടി ലേല ഹാളിൽ വെച്ച്തുറന്നു പരിശോധിക്കുന്നതും, കൂടിയ ക്വൊട്ടേഷൻ/ ലേലം വിളിച്ച തുക ഇവയിൽ ഏതാണോ ഉയർന്നതുകക്ക് ലേലം/ ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിക്ക് ലേലം താൽക്കാലികമയി സ്ഥിരപ്പെടുത്തുന്നതും, പിന്നീട് കൌൺസിൽ തീരുമാനത്തിന് വിധേയമായി ടി ലേലം അന്തിമമായിസ്ഥിരപ്പെടുത്തുന്നതുമാണ്. ലേലത്തുക കുറവാണെന്ന് ബോദ്ധ്യം വന്നാൽ പുനർലേലം / റീക്വട്ടേഷൻ നടത്തുന്നതിന് കൌൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
2. ക്വട്ടേഷനുകൾ 10/03/2026-ാം തീയതി വൈകിട്ട് 3 മണി വരെവരെ നഗരസഭ റവന്യൂ വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.
3. മുൻകാലങ്ങളിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയിട്ടുള്ളവരിൽ നിന്നും ലേലം/ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
4. ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകമായി ക്വട്ടേഷനുകൾ നൽകേണ്ടതാണ് .ക്വട്ടേഷനുകൾ വെള്ള പേപ്പറിൽ തയ്യാറാക്കി മതിയായ ക്വോട്ട് ചെയ്യുന്ന തുക, ഒപ്പ് രേഖപ്പെടുത്തി മതിയ EMD ഒടുക്കിയ രസീത് കോപ്പി, ആധാർ കാർഡ് സഹിതം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ തുറക്കുന്ന സമയത്ത് എന്തെങ്കിലും ന്യുനത ശ്രദ്ധയിൽപെട്ടാൽ അത്തരത്തിൽ ഉള്ള ക്വട്ടേഷൻ നിരസിക്കുന്നതുമാണ്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറുകൾക്ക് മുകളിൽ ലേലഇന വിവരം വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്.
6. ലേലം പിടിക്കുന്നവർ ലേല/ ക്വട്ടേഷൻ തുകയുടെ 50% തുക അന്നേ ദിവസം 3 മണിക്ക് മുമ്പായി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തി രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ ലേലം അസ്ഥിരപ്പെടുത്തി നിരതദ്രവ്യം നഗരസഭ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും, കൂടാതെ പുനർ ലേല/ക്വട്ടേഷൻ ഒന്നാം ലേല/ക്വട്ടേഷൻ ലഭിച്ച വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൻമേൽ പുനർലേലം ചെയ്യുന്നതും ലാഭം വന്നാൽ ആദ്യ

ലേലക്കാരന് അവകാശം ഇല്ലാത്തതും, നഷ്ടം വന്നാൽ ആദ്യ ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും,REVENUE RECOVERY. വഴി നഗരസഭയക്ക് ഉണ്ടക്കുന്ന നഷ്ടം ഈടക്കുന്നതുമാണ്

7. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ ഓഫീസിൽ നിന്നും വ്യവസ്ഥകൾ ഉൾപ്പെടുത്തിയ മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി എഴുതി 3 ദിവസത്തിനകം ഹാജരാക്കേണ്ടതുമാണ്. വീഴ്ചവരുത്തുന്നവരുടെ ലേലം അസ്ഥിരപ്പെടുത്തി യുക്തമായ ക്രമനമ്പർ 6 പ്രാകാരം ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
8. ഒടുക്കുവരുത്തുന്ന ലേലതുകയുടെ 18% ജി.എസ്.റ്റി അതാത് സമയം ഒടുക്കേണ്ടതാണ്.
9. ലേലം/ ക്വട്ടേഷൻ ലഭിക്കുന്നവർ ലേല/ ക്വട്ടേഷൻസംഖ്യയുടെ ബാക്കി തുക 3 ഗഡുകൾ ആയി 2025 ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ അതാതു മാസം 5-ാം തീയതിക്ക് മുമ്പായി അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
10. തവണകൾ നിശ്ചിത തീയതിയ്ക്ക് അടയ്ക്കാതെ വീഴ്ച വരുത്തുന്നപക്ഷം കാലതാമസം വരുത്തുന്ന തുകക്ക് താമസിക്കുന്ന ഓരോ തവണകൾക്ക് പ്രതിമാസം 2% വീതം പലിശ സഹിതം നഗരസഭ സെക്രട്ടറി നിശ്ചയിക്കുന്ന പിഴയോട് കൂടി ഒടുക്കുന്നതിന് ലേലക്കാർ ബാദ്ധ്യസ്ഥരാണ്. എന്നാൽ നിശ്ചിത തീയതിക്ക് ശേഷം 15 ദിവങ്ങൾക്കകം മുമ്പ് പറഞ്ഞിട്ടുള്ള പലിശ സഹിതം തവണകളായി തുക അടവാക്കാത്തപക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്ത് യുക്തമെന്ന് തോന്നുന്ന ഇതര നടപടികൾ സ്വീകരിക്കുന്നതിന് കേരള മുൻസിപ്പാലിറ്റി ആക്ട് ബന്ധപെട്ട വകുപ്പുകൾ അനുസരിച്ച് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. ഉടമ്പടിയിൽ ഈ നഗരസഭ അതിർത്തിയിൽ താമസമുള്ള 2 ആൾ ജാമ്യക്കാർ ഉണ്ടായിരിക്കേണ്ടതാണ്. ഉടമ്പടിയിൽ ജാമ്യക്കാരായി നിർത്തുവാനുള്ള ആളുകളുടെ പേരു വിവരം ഫോട്ടോ പതിച്ച ഐ.ഡി കാർഡ് സഹിതം ടി ആളിന്റെ അനുവാദം രേഖപ്പെടുത്തി ഓഫീസിൽ ഹാജരാക്കി നേരത്തെ അംഗീകാരം വാങ്ങേണ്ടതാണ്.
12. ലേലം സ്ഥിരപ്പെട്ട വ്യക്തി ലേലതുകക്ക് തുല്യമായ സോൾവൻസി സർട്ടിഫിക്കറ്റ് തഹസീൽദാറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഹാജരാക്കുകയോ, ബാങ്ക് ഗ്യാരന്റിയോ അല്ലെങ്കിൽ ബാധ്യത തുകയ്ക്കുള്ള ബാങ്ക് DEPOSIT RECEIPT (PLEDGED) നഗരസഭ ഫണ്ടിൽ അടച്ച രസീതോ ഹാജരാക്കേണ്ടതാണ്.
13. ലേലം സ്ഥിരപ്പെടുത്തുന്ന തുകയുടെ 50% കഴിച്ച് ബാക്കി തുക സോൾവൻസി/ ബാങ്ക് ഗ്യാരന്റി, എഗ്രിമെന്റ് 7 ദിവസത്തിനകം ഹാജരാക്കേണ്ടതാണ്. ടി രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമേ ഫീസ് പിരിവ് നടത്താൻ പാടുള്ളൂ.
14. കെട്ടിടങ്ങൾ, വസ്തുക്കൾ മുതലായവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ ചട്ടങ്ങൾക്കും ഉത്തരുവകൾക്കും വിപരീതമായി കരാറുകാർ പ്രവർത്തിക്കാൻ പാടുള്ളതല്ല.
15. ഏതവസരത്തിലും തക്കതായ കാരണത്തിൻമേൽ കരാറുകൾ റദ്ദ് ചെയ്യാൻ നഗരസഭ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. കൌൺസിലിന് ലേലക്കാരനിൽനിന്നും ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ആയതും കുടിശ്ശിക വരുത്തിയ തുകയും ബന്ധപെട്ട ആക്ട് പ്രകാരം REVENUE RECOVERY നേരിട്ടോ ഓൺലൈൻവഴിയോ ഈടാക്കുന്നതിന് അധികാരം ഉണ്ടായിരിക്കും.
17. ലേല സംഖ്യ 10000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ ടി തുക മുഴുവനും ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്.
18. യാതൊരു കാരണവും കൂടാതെ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ, മാറ്റി വെയക്കുന്നതിനോ കൌൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
19. ലേലനോട്ടീസിലെ വ്യവസ്ഥകൾ കൂടി ലേലക്കാരൻ എഴുതി വെയ്ക്കുന്ന ഉടമ്പടിയുടെ ഭാഗമായി കണക്കാക്കുന്നതാണ്.

20. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ കുത്തക കാലാവധി അവസാനിപ്പിച്ച് ലേലം സംബന്ധിച്ച് ബാദ്ധ്യതകൾ തീർക്കാതെ അവരുടെ വസ്തുക്കളിൻമേൽ യാതൊരു കരണങ്ങളും ചെയ്യുവാൻ പാടില്ലാത്തതും, നഗരസഭയുടെ പ്രത്യേക അനുവാദവും, വേണ്ടത്ര സെക്യൂരിറ്റിയും ഹാജരാക്കി വാങ്ങിയതിന് ശേഷം മാത്രമേ കരണങ്ങൾ ചമയ്ക്കുവാൻ പാടുള്ളതാകുന്നു.
21. ലേലത്തിലൂടെ ലഭിച്ച സ്ഥലവും പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ കരാറുകാർ ബാദ്ധ്യസ്ഥരാണ് SOLID WASTE MANGAMENT RULES അനുശാസിക്കുന്ന പ്രകാരം ലേല ലഭിക്കുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കുവാൻ കരാറുകാർ ബാദ്ധ്യസ്ഥരാണ്
22. ലേലം സ്ഥിരപ്പെടുത്തിക്കിട്ടാവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ കൊടുക്കുന്നതാണ്. സ്ഥിരപ്പെട്ടുകിട്ടുന്നവരുടെ നിരതദ്രവ്യം നിബന്ധനകൾ ശരിയായി പാലിച്ചിട്ടുള്ള പക്ഷം കാലാവധിക്ക് ശേഷം തിരികെ നൽകുന്നതാണ്.
23. നിരതദ്രവ്യം അടച്ചവർക്കും നിയമാനുസരണം ലേലനിബന്ധന പാലിക്കുന്നവർക്കും മാത്രമേ ലേലസമയത്ത് ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ.
24. ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും, കൂടുതൽ നിബന്ധനകൾ ചേർക്കുന്നതിനും കൌൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
25. ലേലവ്യവസ്ഥകൾ ലംഘിക്കുകയോ നഗരസഭയ്ക്ക് നഷ്ടം വരുന്ന രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ലേല ഉടമ്പടി റദ്ദ് ചെയ്യുന്നതും ലേലം പിടിച്ച ആളിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമാണ്.
26. മാർക്കറ്റിൽ നിന്നും ഓരോ ഇനത്തിലും നഗരസഭ കൌൺസിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മാത്രമേ പിരിക്കാൻ പാടുള്ളൂ.
27. പൊതുലേലം സംബന്ധിച്ച് ബഹു.സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും നിർദ്ദേശങ്ങളും ഈ ലേലത്തിലും ബാധകമായിരിക്കുന്നതാണ്.
28. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും പകർപ്പും / ആധാർകാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.
29. ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, ലേലം അട്ടിമറിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.
30. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയായി വരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം മേൽ നിബന്ധനകൾ പ്രകാരം ലേലം നടത്തുന്നതായിരിക്കും.
31. എസ്.സി, എസ്.റ്റി യ്ക്ക് സംവരണം ചെയ്തിട്ടുള്ള കടമുറികൾക്കുള്ള ലേലത്തിൽ പങ്കെടുക്കുന്നതിന് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
32. എസ്.സി, എസ്.റ്റി യ്ക്ക് സംവരണം ചെയ്തിട്ടുള്ള കടമുറികൾ വാടകയിൽ ലേലം അംഗീകരിക്കുന്നതും മൂന്ന് തവണത്തെ വാടക ഡെപ്പോസിറ്റായി ഒടുക്കു വരുത്തേണ്ടതുമാണ്.
33. 01.04.2026 മുതൽ 31.03.2027 വരെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം മാത്രമാണ് ലേലം ചെയ്യുന്നത്.
34. ഡാണാപ്പടി പബ്ലിക് മാർക്കറ്റിലെ ഫീസ് പിരിപ് (മത്സ്യ മാർക്കറ്റ്) എന്നത് പ്രസ്തുത മാർക്കറ്റിൽ വിവിധ തട്ടുകളിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന നിരക്കിൽ മാത്രമേ ഈടാക്കാവു. ഡാണാപ്പടി പബ്ലിക് മാർക്കറ്റിൽ മത്സ്യ കച്ചവടം നടത്താൻ തയ്യാറാവുന്ന എല്ലാവർക്കും ടി നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്.
35. ക്രമനമ്പർ 3, 4 ഇനങ്ങൾ പ്രസ്തുത സ്ഥലത്ത് പുതിയ മാർക്കറ്റ് നിർമാണം അരംഭിക്കുന്ന സമയത്ത് നഗരസഭാ നോട്ടീസ് നൽകി 7 ദിവസതിനക്കം ഒഴിഞ്ഞു തരേണ്ടതാണ്. അതിൻമേൽ കരാറുകാരന് നഷ്ട ഉത്തരവദിത്വത്തിനു അർഹതയില്ലാത്തതാണ്.

1. 1. **<u>ലേല / ക്വട്ടേഷൻ ഇനങ്ങൾ</u>**

| ക്രമ നം. | ഇന വിവരം | ലേലം ആരംഭിക്കുന്ന അടിസ്ഥാനതുക | നിരതദ്രവ്യം |
|---|---|---|---|
| 1 | ഡാണാപ്പടി പബ്ലിക് മാർക്കറ്റിലെ ഫീസ് പിരിപ് (മത്സ്യ മാർക്കറ്റ്) | 948500/- | 24000/- |
| 2 | നഗരസഭ ഉടമസ്ഥതയിലുള്ള വസ്തുവകകളിൽ നിന്നുള്ള മേലാദായം | 1200/- | 100/- |

| | | | |
|---|---|---|---|
| 3 | ഡാണാപ്പടി മാർക്കറ്റിൽ ഡ്രൈവിംഗ് പരിശീലനം നടത്തുന്നവരിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 188100/- | 7500/- |
| 4 | ഡാണാപ്പടി മാർക്കറ്റ്പടിഞ്ഞാറു ഭാഗത്ത്2.5M<br>* 2 M നീളത്തിലുള്ള സ്ഥലത്തിന്റെ തറവാടക | 25000/- | 1000/- |

2.

**<u>ഡാണാപ്പടി മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് പ്രതിദിന നിരക്ക്</u>**

വലിയ തട്ട് ഒന്നിന് - 300/- രൂപ

ഇടത്തരം തട്ട് ഒന്നിന് - 250/- രൂപ

ചെറിയ തട്ട് ഒന്നിന് - 150/- രൂപ

തറയിൽ വ്യാപാരം(കുട്ട ഒന്നിന്) - 100/- രൂപ

സെക്രട്ടറി

ഹരിപ്പാട് നഗരസഭ

Signature Not Verified

Digitally signed by Shameer Muhammed B
Date: 2026.03.03 10:21:40 IST
Reason: KSMART